"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ പ്യൂൺ തസ്തികയിൽ നിന്നും 31/05/2022 ന് വിരമിച്ച ശ്രീ.സുരേഷ് കുമാറിന് 2022-23 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1167/2023/LSGD തീയതി,തിരുവനന്തപുരം, 05-06-2023

---

പരാമർശം:- 1. 09/09/2015 തീയതിയിലെ സ.ഉ(കൈ) നം.276/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ശ്രീ. സുരേഷ് കുമാറിന്റെ 13/03/2023-ലെ അപേക്ഷ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ പ്യൂൺ തസ്തികയിൽ നിന്നും 31/05/2022 ന് വിരമിച്ച ശ്രീ.സുരേഷ് കുമാറിന് 2022-23 സാമ്പത്തിക വർഷം എക്സ്ഗ്രേഷ്യാ അലവൻസ് നൽകുന്നതിനുള്ള അപേക്ഷ സൂചന (2) പ്രകാരം ടിയാൻ സമർപ്പിച്ചിരുന്നു. എസ്.പി.സി.എയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കൊന്നും അർഹതയില്ലാത്തതിനാൽ ലംസം എക്സ്ഗ്രേഷ്യാ അലവൻസ് 8,100/- രൂപ മാസം തോറും നൽകുവാൻ പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ പ്യൂൺ തസ്തികയിൽ നിന്നും 31/05/2022-ന് വിരമിച്ച ശ്രീ.സുരേഷ് കുമാറിന് 2022-23 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസായി പ്രതിമാസം 8,100/- രൂപ നിരക്കിൽ 81,000/- രൂപ '2403-00-196-50 (NP) Block grants for revenue expenditure' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം

വി.സുരേഷ് കുമാർ, എസ്.പി.സി.എ(പ്യൂൺ)(Rtd), തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( Dev-2/132/2023-FIN തീയതി 30/05/2023 പ്രകാരം )

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 05-06-2023 13:07:24
സെക്ഷൻ ഓഫീസർ